## പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി

ചട്ടറ്റ കർക്കടകമാസി കറുത്ത വാവാ–
ണൊ;ട്ടല്ല രാത്രിയുടെ തീവ്രഭയങ്കരത്വം;
'വെട്ടം' പ്രദേശമിതുതന്നുടെ പേരു പാഴാം–
മട്ട,ത്ര കൂരിരുളിലാണ്ടു കിടന്നിടുന്നു. 1

വാരാണ്ടിടും പരിഖപോലെയിതിൻ പടിഞ്ഞാ–
റാരാൽ കിടക്കു'മറബിക്കടൽ' തന്നിരമ്പം
സ്ഫാരാട്ടഹാസരവതുല്യമുയർന്നിടുന്നു;
ഘോരാരാഭ,മിപ്രകൃതിതൻ കരിതേച്ചവേഷം! 2